# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5250

05.07.2012- ൽ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സമ്പത്ത്**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. റ്റി. യു. കുരുവിള : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സമ്പത്ത് ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ സമാഹരിക്കുന്ന നിക്ഷേപത്തിന് നിയമാനുസൃതം സഹകരണ സംഘങ്ങൾ/ബാങ്കുകൾ സൂക്ഷിക്കേണ്ട കരുതലുകൾ ഒഴികെയുള്ള തുക വായ്പയായി നൽകി വരുന്നുണ്ട്. ഏതാനും ചില ബാങ്കുകളിൽ ഉള്ള മിച്ച ഫണ്ട് സഹകരണ സംഘം രജിസ്ട്രാരുടെ മാർഗ നിർദ്ദേശത്തിന് വിധേയമായും കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥ പ്രകാരവും ധനസഹായ ബാങ്കിലും ഗവൺമെന്റ് സേവിംഗ്സ് ബാങ്കിലും നിക്ഷേപിക്കാൻ വ്യവസ്ഥയുണ്ട്. |
| ബി) സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സമ്പത്തിന്റെ ഒരു നിശ്ചിത ശതമാനം പലിശ കുറവിൽ കാർഷിക വായ്പയും വിദ്യാഭ്യാസ വായ്പയും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ? | ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഹ്രസ്വകാല വിള വായ്പകൾ 7 ശതമാനം പലിശ നിരക്കിലാണ് നിലവിൽ സഹകരണ സംഘങ്ങളും/ബാങ്കുകളും നൽകി വരുന്നത്. കൃത്യമായി ഹ്രസ്വകാലവിള വായ്പകൾ തിരിച്ചടയ്ക്കുന്നവരുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഫലത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ രഹിതമായി വായ്പ നൽകാൻ കഴിയും. നിലവിൽ നെൽകൃഷിക്ക് സംസ്ഥാനത്ത് പലിശ രഹിതമായി വായ്പ നൽകി വരുന്നു. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ സഹകരണ ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിലാണ് വിദ്യാഭ്യാസ വായ്പ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ